സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം
അന്തിമ രേഖ

എറണാകുളം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിലെ മാഞ്ഞാലി തോടിന് കുറുകെ ആലുങ്കൽകടവ് പാലം നിർമ്മാണത്തിനായി സർവ്വെനമ്പർ 126/9 ൽ നിന്ന് അധിക ഭൂമി ഏറ്റെടുക്കൽ

20 ജനുവരി 2026

അർത്ഥനാധികാരി	***ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ***
പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം) എറണാകുളം	സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 3 കെ.ഐ.എ. നെടുമ്പാശ്ശേരി

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ.,
കളമശ്ശേരി, പിൻ –683104
ഫോൺ: 0484 2911330–332/2550785
rajagirisia@gmail.com
www.rajagiri.edu

ഉള്ളടക്കം

അദ്ധ്യായം 1 : പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

അദ്ധ്യായം 2 : പദ്ധതിയുടെ വിശദവിവരങ്ങൾ

2.1 പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2 നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു താൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറിങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

3.5.1.പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം

അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതിബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസ കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെപരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

അദ്ധ്യായം 6 : സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവനഘടകങ്ങൾ

6.7 കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ടിതമായ പൗരസംഘടനകൾ

6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം ('Social Impact Management Plan)

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാകാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 സാമൂഹ്യ പ്രത്യാഘാതലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ് തരം തിരിച്ച്

അദ്ധ്യായം 10: സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം –രൂപരേഖ

അദ്ധ്യായം 11 : ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

പട്ടികകൾ

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

3.1.1. പഠന സംഘം

3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട അഭിപ്രായവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയ മറുപടിയും

7.6.1. സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

ചിത്രങ്ങൾ

3.2.1. എസ്.ഐ.എ. ടീം പദ്ധതി പ്രദേശം സന്ദർശിക്കുന്നു

3.5.1. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പദ്ധതിപ്രദേശത്തിൻെറ ജനപ്രതിനിധി എന്നിവരുമായി അഭിമുഖം

3.5.2. 8.1.2026 ൽ ഭൂവുടമയുടെ ഭവനത്തിൽ നടത്തിയ പബ്ലിക് ഹിയറിങ്ങ്

4.1.1. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി

ആമുഖം

കേരളത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സ്ഥാപനങ്ങളി ലൊന്നാണ് എറണാകുളം ജില്ലയിലെ കളമശേരിയിൽ CMI തിരുഹൃദയ പ്രോവിൻസിൻെറ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങൾ, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ തുടങ്ങിയവയും പ്രായോഗിക തലത്തിലുള്ള സാമൂഹ്യ പ്രവർത്തനങ്ങളും രാജഗിരി കോളേജ് നടപ്പിലാക്കിവരുന്നു. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2026 ജനുവരി 07 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) വാല്യം 15, നമ്പർ 76 ൽ പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 06/01/2026 തീയതിയിലെ വിജ്ഞാ പനം നമ്പർ DCEKM/5321/2024-C7 പ്രകാരം എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിൽ ഉൾപ്പെട്ട സർവ്വെനമ്പർ 126/9 ൽ നിന്നും ഏകദേശം 0.4047 ആർസ് ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മാഞ്ഞാലി തോടിന് കുറുകെ ആലുങ്കൽകടവ് പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാ കാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ട്, RFCTLARR Act 2013 വകുപ്പ് 4(1) പ്രകാരം പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പദ്ധതി യുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ സിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊ ണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

ഡോ.(ഫാ) സാജു എം.ഡി
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

അദ്ധ്യായം 1
പഠനത്തിൻെറ സംക്ഷിപ്ത രൂപം

1.1. പദ്ധതിയും പൊതു ആവശ്യവും

നെടുമ്പാശ്ശേരി പഞ്ചായത്തിലെ മേക്കാടിനെയും പറമ്പുശ്ശേരിയെയും ബന്ധിപ്പിച്ചുകൊണ്ട് ആലുങ്കൽ കടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് 22/09/2015 തീയ തിയിലെ GO(Rt)No.1390/2015/PWD നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാർ ഭരണാ നുമതി നൽകുകയും പദ്ധതി പ്രദേശത്ത് ആലുങ്കൽ കടവ് പാലത്തിൻെറ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് അനുബന്ധ റോഡ് വികസനത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്ന തിന് രാജഗിരി ഔട്ട്റീച്ച് എന്ന എസ്.ഐ.എ യൂണിറ്റിനെ എറണാകുളം ജില്ലാകളക്ടർ 17/03/2018 തീയതിയിലെ ഫോറം നമ്പർ 4 വിജ്ഞാപനം C4/18729/2016 പ്രകാരം ചുമതല പ്പെടുത്തി. പ്രസ്തുത ഏജൻസി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് പ്രദേശത്ത് ഭൂമി ഏറ്റെടുത്ത് അനുബന്ധറോഡ് നിർമാണം പൂർത്തിയാക്കി. ആലുങ്കൽ കടവ് പാലത്തിൻെറ ഉദ്ഘാടനം 2025 ഫെബ്രുവരി 22 ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. നിർദ്ദിഷ്ട പദ്ധതിയുടെ ഭാഗമായി സർവീസ് റോഡ് നിർമ്മാണത്തിനായി സർവ്വെനമ്പർ 126/9 ൽ നിന്ന് അധിക ഭൂമി (ഏകദേശം 0.4047 ആർസ്) ആവശ്യമുണ്ടായേക്കാം എന്നതിനാൽ, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന എസ്.ഐ.എ. യൂണിറ്റിനെ ചുമതലപ്പെടുത്തി ജില്ലാകളക്ടർ ഫോറം നമ്പർ 4 വിജ്ഞാപനം പുറപ്പെടുവിച്ചു.

1.2. പദ്ധതി പ്രദേശം

പദ്ധതിപ്രദേശം നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാർഡ് 3 ൽ ഉൾപ്പെടുന്നു. ആലുങ്കൽ കടവ് പാലത്തിനോട് ചേർന്ന് കിടക്കുന്ന ടി സ്ഥലത്ത് ഉടമ ജാതി, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നു.

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

2026 ജനുവരി 7 തീയതിയിലെ വാല്യം 15, നമ്പർ 76 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2026 ജനുവരി 6 തീയതിയിലെ നമ്പർ DCEKM/5321/2024-C7 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി നിർമ്മാണത്തിനു വേണ്ടി നിലവിൽ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ വിവരങ്ങൾ പട്ടിക 1.3.1.ൽ നൽകിയിരിക്കുന്നു

പട്ടിക 1.3.1.: ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

***ജില്ല* : എറണാകുളം**
താലൂക്ക് : ആലുവ

വില്ലേജ്	ബ്ലോക്ക് നമ്പർ	റീസർവ്വെ നമ്പർ	ഏകദേശ വിസ്തീർണ്ണം
നെടുമ്പാശ്ശേരി	10	126/9	0.4047 ആർസ്

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗങ്ങൾ

നിർദ്ദിഷട പദ്ധതി പൂർത്തീകരിക്കപ്പെട്ടു എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതിക്കായി ആലുവ താലൂക്കിലെ നെടുമ്പാശേരി വില്ലേജിലെ ബ്ലോക്ക് നമ്പർ 10ൽ റീസർവ്വെ നമ്പർ 126/9 ൽ നിന്ന് ഏകദേശം 0.4047 ആർസ് ഭൂമി ഏറ്റെടുക്കുമ്പോൾ ടി ഭൂമിയുടെ ഉടമയ്ക്ക് കൈവശഭൂമിയിൽ കുറവ് വരുന്നു എന്നത് മാത്രമാണ് പ്രത്യാഘാതമായി കാണുന്നത്.

1.6. ലഘൂകരണ നടപടികൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെ ടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരം ഭൂമി വില നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്

അദ്ധ്യായം 2
പദ്ധതിയുടെ വിശദ വിവരങ്ങൾ

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സർക്കാർ 22/09/2015 തീയതി പുറപ്പെടുവിച്ച GO(Rt)No.1390/2015/PWD നമ്പർ ഉത്തരവ് പ്രകാരം ആലുങ്കൽ കടവ് പാലവും അനുബന്ധ റോഡും നിർമ്മാണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു. പദ്ധതി നിർവ്വാഹകരായ പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം), ആലുവ കാര്യാലയം പദ്ധതി നിർമ്മാണം പൂർത്തീകരിക്കുകയും ബഹുമാനപ്പെട്ട പൊതു മരാമത്ത് വകുപ്പ് മന്ത്രി 2025 ഫെബ്രുവരി 22 ന് ആലുങ്കൽ കടവ് പാലത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പാലത്തിനോട് ചേർന്ന് കിടക്കുന്ന ഏകദേശം 0.4047 ആർസ് ഭൂമി സർവീസ് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്.

RFCTLARR Act 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 3, KIAL ചുമതലപ്പെട്ടിരിക്കുന്നു. ഭൂമി ഏറ്റെടുക്കൽ

പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് എറണാകുളം ജില്ലാകളക്ടറുടെ ഫോറം നമ്പർ (4) വിജ്ഞാപനം അനുസരിച്ച് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ചുമതലപ്പെട്ടിരിക്കുന്നു.

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 സെക്ഷൻ 2 ൽ ടി നിയമം ബാധകമായിട്ടുള്ള പൊതു ആവശ്യങ്ങൾ ലിസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നു. സെക്ഷൻ 2ൽ ഉപവകുപ്പ് 1(ബി) പ്രകാരം രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് ടി നിയമം

ബാധകമാണ്. ആയതിനാൽ ആലുങ്കൽ പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം വകുപ്പ് 2(1)(b)(i) പ്രകാരം ഒരു പൊതു ആവശ്യമാണ്.

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2025 ഫെബ്രുവരിയിൽ പൂർത്തീകരിക്കപ്പെട്ട ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതി യുടെ ഭാഗമായി സർവീസ് റോഡ് നിർമ്മിക്കുന്നതിനായിട്ടാണ് പാലത്തിനോട് ചേർന്ന് കിടക്കുന്ന ഏകദേശം 1 സെൻറ് അളവിൽ ഭൂമി ഏറ്റെടുക്കുന്നത്.

2.4. ഇതരമാർഗങ്ങൾ പരിശോധിക്കൽ

നിലവിൽ നിർമ്മാണം പൂർത്തീകരിച്ച പാലത്തിൽ നിന്നുള്ള സർവീസ് റോഡിനു വേണ്ടി യാണ് ഭൂമി ഏറ്റെടുക്കുന്നത് എന്നതിനാൽ ഇതരമാർഗങ്ങളുടെ പരിഗണന അപ്രസക്തമാണ്

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

ആലുങ്കൽകടവ് പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണം പൂർത്തീകരിക്ക പ്പെട്ടതാണ്. സർവീസ് റോഡിനു വേണ്ടിയാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത്

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

സർവീസ് റോഡിനു വേണ്ടിയാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത്

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത.

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് അനുബന്ധ സൗകര്യങ്ങൾ ആവശ്യമില്ല

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ടർ മുഖേന പൊതുമരാമത്ത് വകുപ്പിൻെറ മേൽനോട്ടത്തിൽ സർവീസ് റോഡ് നിർമ്മിക്കും

2.9. മുൻപേ നടത്തിയ സാമൂഹ്യ/പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ആലുങ്കൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി 9.8.2019 ൽ രാജഗിരി ഔട്ട് റീച്ച് എന്ന എസ്.ഐ.എയൂണിറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിലെ ബ്ലോക്ക് 10 ൽ ഉൾപ്പെടുന്ന റിസർവ്വെ നമ്പർ 126/9 ൽ നിന്ന് ഏകദേശം 0.4047 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ സംബന്ധിച്ച് ബാധകമായ നിയമങ്ങളും നയങ്ങളും ഇനി പറയുന്നവയാണ്.

- ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം
- വിവരവകാശ നിയമം

അദ്ധ്യായം 3

പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

മാഞ്ഞാലി തോടിനു കുറുകെ ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലെ നെടുമ്പാശ്ശേരി വില്ലേജിലെ ബ്ലോക്ക് 10 ൽ ഉൾപ്പെടുന്ന റിസർവ്വെ നമ്പർ 126/9 ൽ നിന്ന് ഏകദേശം 0.4047 ആർസ് ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം അനുസരിച്ച് ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തികൊണ്ട് എറണാകുളം ജില്ലാകളക്ടർ 6/1/2026 തീയതിയിൽ പുറപ്പെടുവിച്ച ഫോറം നമ്പർ 4 വിജ്ഞാപനം (നമ്പർ:DCEKM/5321/2024-C7) 7/1/2026 തീയതിയിലെ 76 നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന് അനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി. പ്രസ്തുത പഠനത്തിന് അവലംബിച്ച മാർഗങ്ങൾ, വിവിധ ഘട്ടങ്ങൾ, പഠന സംഘാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

പട്ടിക 3.1.1. പഠനസംഘം

ക്രമ നമ്പർ	പേര്	വിദ്യാഭ്യാസ യോഗ്യത/പദവി	പ്രവർത്തന പരിചയം
1	ഡോ.ഫാ.സാജു എം.ഡി	എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & ചെയർമാൻ (SIA unit)	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം

2	ഡോ. ബിനോയ് ജോസഫ്	എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 27 വർഷത്തെ പ്രവർത്തന പരിചയം
3	ഡോ.ഫാ.ഷിൻേറാ ജോസഫ്	എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ്	അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലക ളിൽ 6 വർഷത്തെ പ്രവർത്തന പരിചയം
4	മീനകുരുവിള	എം.എസ്.ഡബ്ല്യു. കൺസൾട്ടൻറ്	വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം
5	ബിജു സി.പി.	ബി.എ. ഡെവലപ്പ്മെൻറ് ഓഫീസർ	വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം
6	മരിയ ടെൻസി വി.എസ്.	എം.എ., ഡി.എസ്.എസ്., റിസേർച്ച് അസോസിയേറ്റ്	വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം
7	വർഗീസ് കെ.ഒ.	ഐ.ടി.ഐ ഡാറ്റാ എൻട്രി ഓപ്പറേറ്റർ	34 വർഷത്തെ പ്രവർത്തന പരിചയം

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും

പദ്ധതിബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്. പദ്ധതി മൂലം ഭൂവുടമക്കും, പ്രസ്തുത ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികൾക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങളാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 08/01/2026 തീയതിയിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമയിൽ നിന്ന്, പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിപ്രദേശത്തു ണ്ടായിരുന്ന ചമയങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതി നടപ്പാക്കുന്നതിനെ കുറിച്ചുള്ള അഭിപ്രായങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചത്. തുടർന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) KIAL കാര്യാലയത്തിലെ ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിൽ ഭൂവുടമയുടെ ഭവനത്തിൽ വച്ച് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. തുടർന്ന് നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് സന്ദർശിച്ച് പഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പദ്ധതി പ്രദേശത്തിൻെറ ജനപ്രതിനിധി എന്നിവരിൽ നിന്നും പദ്ധതിയെക്കുറിച്ച് അഭിപ്രായ ശേഖരണം നടത്തി.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവര ങ്ങൾ പൊതുമരാമത്ത് വകുപ്പ്, എറണാകുളം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

ചിത്രം 3.2.1. എസ്.ഐ.എ. ടീം പദ്ധതി പ്രദേശം സന്ദർശിക്കുന്നു

3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിബാധിതമാകുന്ന കുടുംബത്തിൻെറ എണ്ണം 1 ആയതിനാൽ മാതൃകാ പരിശോധന രീതി പ്രസക്തമല്ല

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും, ഭൂവുടമയും കുടുംബവുമായി നടത്തിയ അഭിമുഖത്തിലൂടെയും, ഭൂവുടമയും കുടുംബവുമായി ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെ ഉദ്യോഗസ്ഥൻെറ സാന്നിദ്ധ്യത്തിൽ നടത്തിയ പബ്ലിക് ഹിയറിങ്ങിലൂടെയുമാണ് പഠനത്തിന് ആവശ്യമായ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ പ്രദേശത്തിൻെറ ജനപ്രതിനിധികളിൽ നിന്നും വിവരശേഖരണം നടത്തി. ഏറ്റെടുക്കുന്ന ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതി പ്രദേശത്തുണ്ടായിരുന്ന ചമയങ്ങൾ, ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതി നടപ്പാക്കുന്നതിനെ കുറിച്ചുള്ള അഭിപ്രായങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ഇപ്രകാരം ശേഖരിച്ചത്.

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ, അതായത് ഏറ്റെടുക്കുന്ന ഭൂമിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയെക്കുറിച്ചും പദ്ധതി നിർവ്വാഹകരെക്കുറിച്ചുമുള്ള വിവരങ്ങൾ പൊതുമരാമത്ത് വകുപ്പ്, എറണാകുളം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്.

3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ

- പദ്ധതിപ്രദേശം സന്ദർശനം
- പദ്ധതിബാധിത ഭൂവുടമയും കുടുംബവുമായി അഭിമുഖം
- പൊതുമരാമത്ത് വകുപ്പ്, എറണാകുളം കാര്യാലയത്തിൽ നിന്ന് വിവര ശേഖരണം
- ഡെപ്യൂട്ടി കളക്ടർ (എൽ.എ) കാര്യാലയത്തിൽ നിന്ന് വിവരശേഖരണം
- നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിലെ പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പദ്ധതിപ്രദേശത്തിൻെറ ജനപ്രതിനിധി എന്നിവരുമായി കൂടിക്കാഴ്ച്ച
- പബ്ലിക് ഹിയറിങ്ങ്

ചിത്രം 3.5.1. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പദ്ധതിപ്രദേശത്തിൻെറ ജനപ്രതിനിധി എന്നിവരുമായി അഭിമുഖം

3.5.1. പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണം

വേദി : ശ്രീമതി സരോജിനിയമ്മ, അമ്പാടത്ത് ഭവനംട്
തീയതി : 08.01.2026
സമയം : 11 am

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമയായ ശ്രീമതി സരോജിനിയമ്മയുടെ ഭവനത്തിൽ 8/1/2026 തീയതി ഒരു പബ്ലിക് ഹിയറിങ്ങ് നടത്തി. എസ്.ഐ.എ.യൂണിറ്റ് റിസേർച്ച് അസോസിയേറ്റ് ശ്രീമതി.മരിയടെൻസി പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ചും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഉടമയ്ക്ക് ഉണ്ടാകുവാടയുള്ളതായി എസ്.ഐ.എ.യൂണിറ്റ് കണ്ടെത്തിയ പ്രത്യാഘാതങ്ങളെക്കുറിച്ചും വിശദീകരിച്ചു. ഭൂവുടമകളായ ശ്രീമതി സരോജിനിയമ്മയും ശ്രീമതി സിന്ധുവും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് തങ്ങൾക്കുള്ള അഭിപ്രായങ്ങൾ പറഞ്ഞു. സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ പോളച്ചൻ ഭൂവുടമ യുടെ അഭിപ്രായത്തിന് മറുപടി നൽകി. എസ്.ഐ.എ.പഠന സംഘാംഗമായ ശ്രീ.കെ.ഒ. വർഗീസ് പബ്ലിക് ഹിയറിങ്ങിൽ കൃതജ്ഞത പറഞ്ഞു.

പട്ടിക 3.5.1: പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട അഭിപ്രായവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകിയ മറുപടിയും

ക്രമ നമ്പർ	*അഭിപ്രായം പറഞ്ഞ വ്യക്തി*	*അഭിപ്രായം/ആശങ്ക*	*സ്പെഷ്യൽ തഹസിൽദാറുടെ കാര്യാലയത്തിലെ പ്രതിനിധിയുടെ മറുപടി*
1	ശ്രീമതി സരോജിനിയമ്മ	നിലവിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് മുൻപേ ഏറ്റെടുത്ത ഭൂമിക്ക് നൽകിയതിനേക്കാൾ കൂടുതൽ വില നൽകണം	പുതിയ PVR ന്റെ അടിസ്ഥാനത്തിൽ ഭൂമി വിലനിശ്ചയിച്ച് നൽകും

ചിത്രം 3.5.2 : 8.1.2026 ഭൂവുടമയുടെ ഭവനത്തിൽ നടത്തിയ പബ്ലിക് ഹിയറിങ്ങ്

അദ്ധ്യായം 4
സ്ഥലത്തിൻെറ മൂല്യനിർണ്ണയം

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാർഡ് 3 ൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ ചമയങ്ങൾ ഒന്നും ഇല്ല. പ്രസ്തുത ഭൂമിയോട് അനുബന്ധമായി കിടക്കുന്ന ഭൂമിയിൽ വാഴ, ജാതി തുടങ്ങിയ കൃഷികളും മറ്റ് വൃക്ഷങ്ങളും ഉണ്ട്. നിർദ്ദിഷ്ട പദ്ധതിപ്രദേശം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഏകദേശം 2 കിലോമീറ്റർ ദൂരത്തിൽ സ്ഥിതിചെയ്യുന്നു

ചിത്രം 4.1.1. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

ഭൂവുടമയ്ക്ക് കൈവശഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നതല്ലാതെ മറ്റ് പ്രത്യാഘാത ങ്ങളൊന്നും നിലവിലെ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുന്നില്ല

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പ്രദേശത്ത് ഭൂമി ഏറ്റെടുത്ത് ആലുങ്കൽ കടവ് പാലത്തിൻെറയും അനുബന്ധ റോഡി ൻെറയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിൻെറ പാർശ്വ ഭാഗത്തേക്ക് സർവീസ്

റോഡ് നിർമ്മിക്കുന്നതിന് 2026 ജനുവരി 7 തീയതിയിലെ വാല്യം 15, നമ്പർ 76 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2026 ജനുവരി 6 തീയതിയിലെ നമ്പർ DCEKM/5321/2024-C7 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് ഏകദേശം 0.4047 ആർസ് ഭൂമിയാണ് ഇപ്പോൾ ആവശ്യമായി വരുന്നത്.

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശത്തിന് സമീപം പൊതു വിനിയോഗത്തിലുള്ള ഭൂമി ഉള്ളതായി ശ്രദ്ധയിൽ പെട്ടില്ല

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

പ്രദേശത്ത് ഭൂമി ഏറ്റെടുത്ത് ആലുങ്കൽ കടവ് പാലത്തിൻെറയും അനുബന്ധ റോഡിൻെറയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിൻെറ പാർശ്വഭാഗത്തേക്ക് സർവീസ് റോഡ് നിർമ്മിക്കുന്നതിനാണ് നിലവിൽ ഭൂമി ഏറ്റെടുക്കൽ വിഭാവന ചെയ്തിരിക്കുന്നത്.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

2026 ജനുവരി 7 തീയതിയിലെ വാല്യം 15, നമ്പർ 76 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ എറണാകുളം ജില്ലാ കളക്ടറുടെ 2026 ജനുവരി 6 തീയതിയിലെ നമ്പർ DCEKM/5321/2024-C7 ഫോറം നമ്പർ 4 വിജ്ഞാപനം അനുസരിച്ച് ഏകദേശം 0.4047 ആർസ് ഭൂമിയാണ് ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്നത്. പ്രസ്തുത ഭൂമി ആലുവ താലൂക്കിൽ നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 10 ൽ റീസർവ്വെ നമ്പർ 126/9 ൽ ഉൾപ്പെടുന്നു.

4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

പദ്ധതിബാധിത ഭൂമി “പുരയിടം” വിഭാഗത്തിൽ ഉൾപ്പെടുന്നതായി മനസിലാക്കുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് അനുബന്ധമായി കിടക്കുന്ന ഭൂമിയിൽ വാഴ, ജാതി തുടങ്ങിയ കൃഷികളും മറ്റ് വൃക്ഷങ്ങളും ഉണ്ട്

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതി പ്രദേശത്ത് ഭൂവുടമയ്ക്ക് പാരമ്പര്യമായി കൈവശമായ 38 സെൻറ് ഭൂമിയിൽ നിന്നാണ് പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നത്. ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ നിർമ്മിതികളോ മറ്റ് ചമയങ്ങളോ ഇല്ല.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും ഉപയോഗവും

കഴിഞ്ഞ 3 വർഷകാലത്തേക്ക് പ്രസ്തുത ഭൂമിയിൽ കൈമാറ്റം നടന്നിട്ടില്ല.

അദ്ധ്യായം 5

ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്തിരിക്കുന്ന ഭൂമിയുടെ ഉടമകളുടെ വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലെ ആസ്തികളുടെ വിവരങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

5.1. കുടുംബങ്ങളുടെ എണ്ണം

നിർദ്ദിഷ്ട ഭൂമി ഒരു കുടുംബത്തിൻെറ ഉടമസ്ഥതയിലുള്ളതാണ്

5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

ഭൂവുടമയുടെ പേരും വിലാസവും തുടർന്ന് നൽകുന്നു:

ശ്രീമതി സരോജിനിയമ്മ & ശ്രീമതി സിന്ധു

അമ്പാടത്ത് ഹൗസ്

മേയ്ക്കാട് പി.ഒ.

ഫോൺ : 9544245443

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ/ആദിവാസി കുടുംബങ്ങൾ

ബാധകമല്ല

5.3. പൊതുവിഭവങ്ങൾ ആഘാത ബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

ബാധകമല്ല

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതി യിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

ബാധകമല്ല

5.5. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗര പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

ബാധകമല്ല

5.6. മൂന്ന് (3) വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

ബാധകമല്ല

5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

പദ്ധതിക്ക് പരോക്ഷ ആഘാതങ്ങളില്ല

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിത ഭൂമിയിൽ ചമയങ്ങളില്ല

.

അദ്ധ്യായം 6

സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

ഭൂവുടമകളുടെയും പദ്ധതിപ്രദേശത്തിൻെറയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പശ്ചാത്തലങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിപ്രദേശത്ത് ആരും താമസിക്കുന്നില്ല. ഭൂവുടമയുടെ കുടുംബത്തിൽ 5 അംഗങ്ങളുണ്ട്.

6.2. വരുമാനവും ദാരിദ്ര്യതലവും

ഭൂമി ഏറ്റെടുക്കൽ ഭൂവുടമയുടെ വരുമാനത്തെ ബാധിക്കുന്നില്ല

6.3. ദുർബല ജനവിഭാഗം

ഭൂവുടമ ഒരു വയോധികയാണ്

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

.നിർദ്ദിഷ്ട ഭൂമി കൃഷി ഭൂമിയോട് ചേർന്ന് കിടക്കുന്നു.

6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ പദ്ധതി ബാധിതമാകുന്നില്ല

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രാദേശിക ഉപജീവന ഘടകങ്ങൾ പദ്ധതി ബാധിതമാകുന്നില്ല

6.7. കുടുംബബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി സാംസ്കാരിക സംഘടനകളെ ബാധിക്കുന്നില്ല

6.8. ഭരണ സംഘടനകൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി ഭരണ സംഘടനകളെ ബാധിക്കുന്നില്ല

6.9. രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

ബാധിക്കുന്നില്ല

6.11. പ്രാദേശികവും ചരിത്രപരവുമായ പരിണാമ പ്രക്രിയ

ബാധിക്കുന്നില്ല

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

ആലുങ്കൽ കടവ് പാലവും അനുബന്ധ റോഡും നിലവിൽ വന്നതോടുകൂടി പ്രദേശത്തു കൂടെ വാഹന ഗതാഗതം സാധ്യമായി.

അദ്ധ്യായം 7
സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണം (Social Impact Management Plan)

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭുവുടമയ്ക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നത് മാത്രമാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള നഷ്ടം. RFCTLARR Act. 2013 അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകുന്നതിലൂടെ പ്രസ്തുത നഷ്ടം ലഘൂകരിക്കാവുന്നതാണ്.

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമക്ക് ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പ്രകാരം ഭൂവുടമക്ക് നഷ്ടപരിഹാരം നൽകുക.

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസവും പുനസ്ഥാപനവും ആവശ്യമായി വരുന്നില്ല

7.4. പദ്ധതി രേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

ബാധകമല്ല.

7.5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപ്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

ബാധകമല്ല.

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളി ച്ചുകൊണ്ട് ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പദ്ധതി മൂലം ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് എസ്.ഐ.എ. യൂണിറ്റ് വിലയിരുത്തുന്ന പ്രത്യാഘാതം ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 7.6.1 ***സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

ക്രമ നമ്പർ	പ്രതീക്ഷിക്കുന്ന പ്രത്യാഘാതം	പ്രത്യാഘാത ലഘൂകരണം	സമയക്രമം	നിരീക്ഷണ സൂചികകൾ
1	സ്ഥലം നഷ്ടമാകൽ	RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവും നഷ്ടപരിഹാരം നൽകുക	കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 പ്രകാരമുള്ള സമയക്രമം	ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമയെ ബോധ്യപ്പെടുത്തൽ

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായ് അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

ബാധകമല്ല

അദ്ധ്യായം 8

സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി – സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ലെ ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും നഷ്ടപരിഹാരവും പുന:രധിവാസ-പുന:സ്ഥാപന സ്കീമും തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുന:രധിവാസ–പുന:സ്ഥാപന കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. നിർദ്ദിഷ്ട പദ്ധതിയുടെ RFCTLARR നിയമം 2013 പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ, നമ്പർ 3, KIAL ചുമതലപ്പെട്ടിരിക്കുന്നു.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന: രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O.(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും, സംസ്ഥാനതലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ ഉത്തരവ് G.O.(MS)No.56/2019/RD.പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുന:രധിവാസ–പുന:സ്ഥാപന അഡ്മിനിസ്ട്രേറ്റർ

- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിൻമേൽ ജില്ലാകളക്ടർ അംഗീകാരം നൽകണം. പദ്ധതി ബാധിതരുടെ രേഖകൾ പരിശോധിച്ച്, സ്ഥല പരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി, ആവശ്യമായ ഭേദഗതികൾ വരുത്തി, തയ്യാറാക്കപ്പെട്ട്, ജില്ലാകളക്ടറുടെ അംഗീകാരം നേടിയ ഭൂമി വിലയും, കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ വൃക്ഷങ്ങളുടെ വില, മറ്റ് ആസ്തികളുടെ വില എന്നിവയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതിബാധിതരോട് വിശദീകരിക്കും. പദ്ധതിബാധിത സ്ഥാപനങ്ങളുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേണ്ടി ജില്ലാകളക്ടർക്ക് സമർപ്പിക്കും. നിശചയിക്കപ്പെട്ട നഷ്ടപരിഹാരവും പുന:രധിവാസ– പുന:സ്ഥാപന പാക്കേജും പദ്ധതി ബാധിത സ്ഥാപനങ്ങൾക്ക് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം പദ്ധതിക്ക് വേണ്ടി ഏകദേശം 0.4047 ആർസ് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന ഏജൻസിയെ എറണാകുളം ജില്ലാകളക്ടറുടെ 06/01/2026 തീയതിയിലെ DCEKM/5321/2024-C7 ഫോറം നമ്പർ 4 പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവഹിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

സാങ്കേതിക നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയുടെ പ്രത്യാഘാത ലഘൂകരണത്തിന്റെ ഭാഗമായി വരുന്നില്ല

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

അദ്ധ്യായം 9

സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനും വേണ്ടി വരുന്ന ചെലവ്

നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസവും പുനസ്ഥാപനവും ആവശ്യമായ് വരുന്നില്ല

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ, എൽ.എ. നമ്പർ 3, KIAL ചുമതലപ്പെട്ടിരിക്കുന്നു.

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ഉടമക്ക് നഷ്ടമാകുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുക എന്നത് മാത്രമാണ് പദ്ധതിക്ക് ആവശ്യമായ് വരുന്നത്

അദ്ധ്യായം 10

സാമൂഹ്യപ്രത്യാഘാത ദൂരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

10.1. മേൽ നോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ ന്യായമായ വിലയും നഷ്ടപരിഹാരവും
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് കോട്ടം വരാതെയുള്ള പദ്ധതി നിർവ്വഹണം

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ടകർത്തവ്യങ്ങളും

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 പ്രകാരമായിരിക്കും. സ്പെഷ്യൽ തഹസിൽദാർ, എൽ.എ., നമ്പർ 3, KIAL നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നു.

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യനിർണ്ണയം വിഭാവന ചെയ്തിട്ടില്ല.

അദ്ധ്യായം 11

ഭൂമിയേറ്റെടുക്കലിൽ ഉണ്ടാകുവാനിടയുള്ള ചെലവുകളുടെയും നേട്ടങ്ങളുടെയും വിശകലനവും ശുപാർശയും

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

നെടുമ്പാശ്ശേരി പഞ്ചായത്തിലെ മേക്കാടിനെയും പറമ്പുശ്ശേരിയെയും ബന്ധിപ്പിച്ചുകൊണ്ട് 22/02/2025 ന് ഉദ്ഘാടനം ചെയ്യപ്പെട്ട ആലുങ്കൽ കടവ് പാലത്തിന് സർവീസ് റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് പാലത്തിൻെറ പാർശ്വത്തിൽ സ്ഥിതി ചെയ്യുന്ന ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭൂമി ഒരു കുടുംബത്തിന് പാരമ്പര്യമായി കൈവശമായ വസ്തുവിൽ ഉൾപ്പെടുന്നു. പ്രസ്തുത ഭൂമി പദ്ധതിക്കായി നൽകുന്നതിൽ ഭൂവുടമയ്ക്ക് പരിപൂർണ്ണ സമ്മതമാണ് എന്ന് മനസിലാക്കുന്നു. ടി ഭൂമി ഏറ്റെടുക്കുന്നതിലൂടെ ഭൂവുടമയ്ക്ക് കൈവശഭൂമിയുടെ അളവിൽ കുറവ് വരുന്നു എന്നതു മാത്രമാണ് പദ്ധതിയുടെ പ്രത്യാഘാതമായി കാണുന്നത്. നിയമാനുസൃതമായ ഭൂമി വില ഉടമയ്ക്ക് യഥാസമയം നൽകുന്നതിലൂടെ ഈ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

മേൽപ്പറഞ്ഞ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ

ചട്ടം 2015 കൂടാതെ ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സംസ്ഥാന റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 23.09.2015 തീയതിയിലെ G.O(MS)No. 485/2015/RD പോളിസി പ്രകാരം നഷ്ടമാകുന്ന ഭൂമിയുടെ വില നൽകിക്കൊണ്ട് എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ നെടുമ്പാശ്ശേരി വില്ലേജിൽ ബ്ലോക്ക് നമ്പർ 10 ൽ ഉൾപ്പെടുന്ന 126/9 റീസർവ്വെ നമ്പറിൽ നിന്ന് ഏകദേശം 0.4047 ആർസ് ഭൂമി ആലുങ്കൽ കടവ് പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കാവുന്നതാണെന്ന് എസ്.ഐ.എ.ഏജൻസി ശുപാർശ ചെയ്യുന്നു. വേഗത്തിലുള്ള നഷ്ടപരിഹാര നടപടികളും ശുപാർശ ചെയ്യുന്നു.

സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013

2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ (ബി) വകുപ്പിന്റെ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No.485/2015/RD പ്രകാരം ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കുമുള്ള നയം

4. ഡെപ്യൂട്ടി കളക്ടർ (എൽ.എ), കാക്കനാട് കാര്യാലയത്തിൽ നിന്നും ലഭ്യമായ ഭൂമി വിവരങ്ങൾ

5. പൊതുമരാമത്ത് വകുപ്പ് (പാലം) എറണാകുളം നിന്ന് ലഭിച്ച പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ